# ദന്തക്രമീകരണ വിഭാഗം
## ഗവ. ദന്തൽ കോളേജ്, തിരുവനന്തപുരം

ദന്തക്രമീകരണ വിഭാഗത്തിലെ ചികിത്സയ്ക്കായി താങ്കളെ സ്വാഗതം ചെയ്യുന്ന തോടൊപ്പം ചികിത്സയുടെ കാലയളവിൽ അനുവർത്തിക്കേണ്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

ചികിത്സയുടെ വിജയം നിങ്ങളുടെ പൂർണ്ണ സഹകരണത്തിന് ആനുപാതി കമാണ്. ന്യൂതന ചികിത്സാ ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ ഡോക്ടർ പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇത് പരിപൂർണ്ണമായി പാലിക്കേണ്ട താണ്.

### എടുത്ത് മാറ്റാവുന്ന ഉപകരണം (removable appliance)

1. ദന്തക്രമീകരണം ഫലപ്രദമാകാൻ കമ്പി 24 മണിക്കൂറും വയ്ക്കേണ്ടതാണ്, കമ്പി മൂന്നാഴ്ചയിൽ ഒരിക്കൽ ഡോക്ടറിനാൽ മർദ്ദം പുന:ക്രമീകരി ക്കേണ്ടതാണ്.

2. ആഹാരം കഴിക്കുമ്പോഴും വായ് വൃത്തിയാക്കുമ്പോഴും പല്ലിൽ ഘടിപ്പി ച്ചിട്ടുള്ള ഉപകരണം എടുത്തുമാറ്റുകയും യാതൊരുവിധ കേടുപാടും വരാതെയും സൂക്ഷിക്കുകയും വേണം.

3. ഉപകരണം സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കുക.

4. ദിവസേന രണ്ട് പ്രാവശ്യം ഡോക്ടർ നിർദ്ദേശിച്ച ബ്രഷും പേസ്റ്റും ഉപയോഗിച്ച് വൃത്തിയാക്കുക.

5. കട്ടികൂടിയ ആഹാരപദാർത്ഥങ്ങൾ ദന്തക്രമീകരണത്തിന് ഉപയോഗിക്കുന്ന ഉപകരണത്തിന് കേടുപാടുകൾ വരുത്തുന്നതാണ്. ആയതിനാൽ ദന്തക്രമീകരണ സമയത്ത് ആഹാര രീതി ക്രമീകരിക്കേണ്ടതുണ്ട്. ചൂയിംഗം ഒഴിവാക്കുക.

6. പല്ലിൽ ഘടിപ്പിച്ചിട്ടുള്ള കമ്പിയുടെ മേൽ വിരലോ മറ്റ് ഉപകരണങ്ങളോ വച്ച് കേടുപാടുകൾ വരുത്താൻ പാടില്ല. ദന്തക്രമീകരണ ഉപകരണം വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ടതാണ്.

7. ഓരോ പ്രാവശ്യം ചികിത്സയ്ക്കായി വരുമ്പോഴും ഒ.പി. ടിക്കറ്റ്, അപ്പോയ്മെന്റ് കാർഡ് എന്നിവ കൂടെ കൊണ്ടുവരേണ്ടതാണ്.

8. ദന്തക്രമീകരണ ചികിത്സയുടെ ആരംഭത്തിൽ നിങ്ങളുടെ പല്ലുകൾക്ക് നേരിയ വേദനയും ഇളക്കവും സാധാരണമാണ്. ഇതിലേക്കായി ഡോക്ടറുടെ നിർദ്ദേശം പാലിക്കുകയും, നിർദ്ദേശിച്ച മരുന്ന് കഴിക്കാവുന്നതുമാണ്.

9. ദന്തക്രമീകരണ ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ ആരംഭത്തിൽ ഉമിനീർ വരിക, സംസാരിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുക എന്നിവ അനുഭവപ്പെടാവുന്നതുമാണ്. ഇത് ഒരാഴ്ചയ്ക്കുള്ളിൽ സാധാരണ രീതിയിലേക്ക് മാറുന്നതാണ്.

10. ചൂടുവെള്ളത്തിലോ, ബ്ലീച്ചിംഗ് പൗഡറിലോ എടുത്തുമാറ്റാവുന്ന ഉപകരണങ്ങൾ ഇടാൻ പാടുള്ളതല്ല.

11. ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ സ്വന്തമായി ക്രമീകരിക്കാതെ ദന്തക്രമീകരണ വിഭാഗത്തിൽ വരിക

12. വായിൽ നിന്നും ഉപകരണം എടുത്ത് മാറ്റുന്നത് വളരെ ശ്രദ്ധിച്ച് മനസ്സിലാക്കേണ്ടതും ഉപകരണത്തിന് കേടുപാട് പറ്റാതെ ചെയ്യേണ്ടതുമാണ്.

13. സ്ക്രൂ (screw) ഘടിപ്പിച്ചിട്ടുള്ള ഉപകരണങ്ങൾ വീട്ടിൽ വച്ച് ക്രമീകരിക്കേണ്ടതാണ്. ഇത് പൂർണ്ണമായി മനസ്സിലാക്കുകയും ഉപകരണത്തിന് കേടുപാട് കൂടാതെ ചെയ്യേണ്ടതുമാണ്.

## വായിൽ സ്ഥിരമായി ഘടിപ്പിച്ചിട്ടുള്ള ഉപകരണം (fixed appliance)

1. ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ള ബ്രഷും പേസ്റ്റും ഉപയോഗിച്ച് പല്ലുകളും ഉപകരണവും ഓരോ പ്രാവശ്യവും ആഹാരം കഴിച്ചശേഷം വൃത്തിയാക്കുക. ബ്രഷ് ചെയ്യുന്ന സമയത്ത് ഉപകരണത്തിന് കേടു വരാതെ സൂക്ഷിക്കുക. എല്ലാ ആഹാരത്തിനു ശേഷവും രാത്രി ഉറങ്ങാൻ പോകുന്നതിനു മുമ്പും ബ്രഷ് ചെയ്യേണ്ടതാണ്.

2. ഡോക്ടർ ഫ്ളൂറൈഡ് അടങ്ങിയിട്ടുള്ള മൗത്ത് വാഷുകൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് കൃത്യമായി ഉപയോഗിക്കേണ്ടതാണ്.

3. ഒട്ടിപ്പിടിക്കുന്നതോ, കട്ടികൂടിയതോ ആയ ആഹാര പദാർത്ഥങ്ങൾ ഒഴിവാക്കുക.

4. ഓരോ പ്രാവശ്യവും ഉപകരണത്തിന് കേടുപാടുകൾ സംഭവിച്ചാൽ ചികിത്സയ്ക്ക് കാലതാമസം വരുന്നതാണ്.

5. ചികിത്സയുടെ ആരംഭത്തിൽ ചെറുതായി വേദനയും പല്ലുകൾക്ക് ഇളക്കവും അനുഭവപ്പെടുന്നതാണ്. ഇത് 72 മണിക്കൂറുകൾക്കുള്ളിൽ സാധരണനിലയിലേക്ക് ആകുന്നതാണ്.

6. ഡോക്ടർ മരുന്നുകൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അത് കൃത്യമായ അളവിലും സമയത്തും കഴിക്കേണ്ടതാണ്.

7. ചികിത്സയെ സംബന്ധിച്ചിട്ടുള്ള എല്ലാ സംശയങ്ങളും ചോദിച്ച് മനസ്സിലാക്കുക.

8. ചികിത്സയ്ക്ക് കാലതാമസം വരികയോ, തടസ്സം നേരിടുകയോ ചെയ്താൽ വകുപ്പ് മേധാവിയുമായി ബന്ധപ്പെടുക.